# സംവേദകൻ ഒരപഗ്രഥനം

സംവേദകനെ സംബന്ധിച്ച പലേ അപഗ്രഥനങ്ങളും വായിക്കാനിടയായി. ആത്മീയമായ അറിവെന്നുവച്ചാൽ സാധാരണക്കാർക്കൊന്നും പെട്ടന്നു മനസ്സിലാകാത്ത ഏതോ ഒരു സംഭവമായിട്ടാണ് മുൻപ് കരുതിയിരുന്നത്. ആത്മീയഗുരുക്കന്മാർ കുടുംബജീവിതം നയിക്കുന്നവർക്കുവേണ്ടിയുള്ളതല്ല എന്ന ധാരണയും ഉണ്ടായിരുന്നു. 'ഗുരുസാക്ഷ്യ'ങ്ങളിലൂടെ ആ ധാരണക്കു മാറ്റം വന്നിരിക്കുന്നു. ലോകചരിത്രവും ഭൗതികശാസ്ത്രസാങ്കേതികത്വങ്ങളും മാത്രമാണ് അറിവ് എന്നൊരു ചിന്തയുണ്ടായിരുന്നു. സംവേദകനിലൂടെ അതിനു മാറ്റം സംഭവിച്ചു. ആദ്യം നമ്മെ പഠിക്കാൻ നമുക്കു കഴിയണം. പിന്നെ ഒരു നന്മനിറഞ്ഞ മനുഷ്യൻ എങ്ങനെയായിരിക്കണമെന്നു പഠിക്കാൻ സാധിക്കണം. ഒപ്പം മനുഷ്യധർമ്മങ്ങളറിയണം. അപ്പോൾ മാത്രമേ ധർമ്മാധർമ്മങ്ങൾ തിരിച്ചറിയാൻ കഴിയൂ. ഒരു മനുഷ്യന് പ്രാഥമികമായി വേണ്ട പ്രധാന അറിവ് അതാണ്. അപ്പോൾ മാത്രമേ മറ്ററിവുകൾ മനുഷ്യനന്മക്കുവേണ്ടി പ്രയോജനപ്രദമാക്കാൻ സാധിക്കൂ. ആത്മീയഗുരുക്കന്മാരിലൂടെ ഓരോ മനുഷ്യനും തന്റെ ജീവന്റെ കുറവുകളും വാസനകളും മനസ്സിലാക്കി, തിരുത്തു നേടി ജീവിക്കാൻ പഠിക്കുകയാണു വേണ്ടതെന്ന സന്ദേശമാണ് ഗുരുസാക്ഷ്യം വിളംബരം ചെയ്യുന്നത്. സ്വന്തം മനസ്സിന്റെ ബലഹീനതയെ അതിജീവിക്കാനുള്ള ശക്തി ഏതെല്ലാം തരത്തിൽ, ഓരോ മനസ്സിന്റെ സ്വഭാവിത്തിനനുസരിച്ച് എങ്ങനെയൊക്കെ നേടാമെന്ന അറിവാണ് ഗുരുക്കന്മാരിലൂടെ നേടേണ്ടത്. സിദ്ധിജാലങ്ങളും മായാവിദ്യകളും കാണിക്കുന്ന യോഗികളിലൂടെ വേഗ ത്തിൽ ഭൗതികനേട്ടം കൈവരിക്കാനുള്ള കുറുക്കുവഴികൾ തേടുന്നതല്ല യഥാർത്ഥ ഗുരുത്വമെന്ന് സംവേദകനിലൂടെ മനസ്സിലാകുന്നു. ഐശ്വര്യവും സമാധാനവും സമ്പന്നതയും ഓരോരുത്തരും നേടുന്ന പുണ്യത്തിനനുസരിച്ചാണ് ലഭിക്കുന്നതെന്ന തത്വശാസ്ത്രമാണ് ഗുരുസാക്ഷ്യത്തിലൂടെ ലഭിച്ചത്. നല്ലതു ചിന്തിക്കാനും പറയാനും പ്രവർത്തിക്കാനും സാധിക്കേണമേയെന്നതാകണം പ്രാർത്ഥന. സഹവസിക്കുന്ന സമൂഹത്തെക്കൂടി നന്മയിലേക്കു നയിക്കാൻ കഴിയണം. അതിനനുസരിച്ചാണ് പുണ്യം. പുണ്യത്തോടു ചേർന്ന അഭിവൃദ്ധി. എത്ര ലളിതമായി, സുഗമമായി സ്വന്തം ഗുരുവിന്റെ തത്വസംഹിതകളെ സംവേദകൻ അവതരിപ്പിച്ചിരിക്കുന്നു. ഒടുവിൽ ഭൗതികമായ അഭിവൃദ്ധിയിൽ നിന്നും ആത്മാവിന്റെ ശാന്തിയിലേക്കു തിരിയുകയാണ്. അപേക്ഷകളിലൂടെ, പ്രാർത്ഥനയിലൂടെ ഭൗതികമായ നേട്ടങ്ങളെല്ലാം കൈവരിച്ച് സംതൃപ്തമായ മനസ്സ്, ആ പുണ്യത്തികവിലൂടെ നാമറിയാതെ ഭക്തിമാർഗ്ഗത്തിലേക്ക് തിരിയുകയാണ്. ഗുരു ഉപദേശമാണ് മനസ്സിനെ സംതൃപ്തമായ മേഖലയിലെത്തിക്കുന്നത്. ഗുരുവിനോടുള്ള ഭക്തിയിലാണ് മനസ്സ് ലയിക്കുന്നത്. ഗുരുവിൽ ലയിക്കലാണ് ധ്യാനം. ധ്യാനത്തിലൂടെ ലഭിക്കുന്ന ആനന്ദമാണ് ഭൗതികതയിൽ നിന്ന് ആത്മീയതയിലേക്കുള്ള മനസ്സിന്റെ വ്യതിയാനത്തിനു

കാരണമാകുന്നത്. ഗുരു നമ്മെ ആത്മമോചനമെന്ന ലക്ഷ്യത്തിലേക്ക് നയിക്കുകയാണ്. ഗുരുസാക്ഷ്യം അന്വർത്ഥമായിക്കൊണ്ടിരിക്കുന്നു.

വിശ്വാസമെന്ന പംക്തിയെക്കുറിച്ച് എനിക്കുണ്ടായിരുന്ന സങ്കല്പങ്ങളിൽ നിന്നും വളരെ വ്യത്യസ്തമായ ഒരു തലത്തിലേക്കാണ് പോകുന്നത്. ഗുരുവിശ്വാസത്തെക്കുറിച്ചാകും ആളുകൾ എഴുതുകയെന്നാണു കരുതിയത്. പിൻപേ ഗമിക്കുന്ന ഗോക്കളെപ്പോലെ അതു പോകുകയാണ്. പക്ഷെ ശരിക്കും യുക്തിപൂർവ്വകമാണ്.

ഹൃദയത്തിന്റെ ഭാഷ ഗംഭീരമായിക്കൊണ്ടിരിക്കുന്നു. ശാന്തിവനത്തിന്റെ വരുംലക്കങ്ങൾക്കായി കാത്തിരിക്കുന്നു. പുഷ്പിതയുടെ കുഞ്ഞിക്കവിതകൾ ശ്രദ്ധേയം. ഗുരുസാക്ഷ്യം ആശയസമ്പന്നം. പൊതുവേ സംവേദകൻ ഹൃദയസ്പർശിയായിക്കൊണ്ടിരിക്കുന്നു.

**–രാജിമോൾ–**